ഉത്തരം

(എ) കുന്നുകുഴി പാലം പുതുക്കിപ്പണിയുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്. ചെമ്പിത്താനം പാലം പണിയുടെ സൈറ്റ് സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. അലൈൻമെൻറ് പ്രൊപ്പോസലുകൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ പരിശോധിച്ചുവരികയാണ്. ഗവൺമെൻറ് ഭരണാനുമതി നൽകിയിട്ടുള്ള തുരുത്തേൽ പാലത്തിൻെറ പണിക്ക് ആവശ്യമായ സ്ഥലം ഇനിയും വിട്ടുകിട്ടിയില്ല.

(ബി) നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ ഈ പാലങ്ങളുടെ പണി ഉടനെ നടത്തുവാൻ ബുദ്ധിമുട്ടുണ്ട്.

വട്ടിത്തറമറ്റം—കിടങ്ങൂർ റോഡിലുള്ള പാലങ്ങളുടെ പണി

108 [119] ശ്രീ. ഉമ്മൻചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. റോഡായ വട്ടിത്തറമറ്റം-കിടങ്ങൂർ റോഡിലുള്ള പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായോ;

(ബി) ഈ പാലങ്ങളുടെ പണി എത്രയും വേഗം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?.

ഉത്തരം

(എ) ഇല്ല.

(ബി) ഇൻവെസ്റ്റിഗേഷനും മറ്റ് പ്രാഥമിക നടപടിക്രമങ്ങളും പൂർത്തിയായശേഷമേ ഇക്കാര്യം പരിഗണിക്കാൻ കഴിയൂ.

കൊങ്ങാണ്ടൂർ പാലം പുതുക്കിപ്പണിയുവാൻ നടപടി

109 [120] ശ്രീ. ഉമ്മൻചാണ്ടി: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മണർകാട്—കിടങ്ങൂർ റോഡിലുള്ള കൊങ്ങാണ്ടൂർ പാലം പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ എന്തായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

കൊങ്ങാണ്ടൂർ പാലം പണിയുടെ ഇൻവെസ്റ്റിഗേഷനുവേണ്ടി 14,800 രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് കിട്ടിയശേഷമേ അനന്തര നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

തകഴി—എടത്വാ റോഡിലുള്ള തകഴി പാലം

110 [121] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ തകഴി—എടത്വാ റോഡിൽ ഉള്ള തകഴി പാലം നിർമ്മിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ:

LIBRARY ARCHIVES Kerala Legislative Assembly